# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു. ചെയർപേഴ്സൺ

**എച്ച്. ആർ. എം. പി. നംമ്പർ : 4522/11/12/2024/**

പരാതികക്ഷി വത്സല എസ്, ശ്രീവത്സം, ആലുംകുഴി, ഇളവട്ടം പച്ച, പാലോട്,തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 07.11.2025**

നെടുമങ്ങാട് താലൂക്കിൽ കുറുപുഴ വില്ലേജിൽ സർവ്വേ നമ്പർ 170/9 ൽ ഉൾപ്പെട്ട തൻറെ ഭർത്താവിൻറെ പേരിലുള്ള വസ്തുവിനോട് ചേർന്ന് സർവ്വേ നമ്പർ 170/1 ൽ സർക്കാർ വഴിയുണ്ടെന്നും, സമീപ വസ്തു ഉടമകളായ പ്രതാപൻ മകൻ റിട്ടു ഭാര്യ രാധിക എന്നിവർ പാറഖനനം നടത്തിയത് കാരണം തൻറെ വസ്തുവിലേക്ക് പോകുവാനുള്ള പൊതുവഴി എതിർകക്ഷികൾ നശിപ്പിച്ചതായും ഇതിനെതിരെ ജില്ലാ കളക്ടർ ഉൾപ്പെടെയുള്ളവർക്ക് പരാതി നൽകിയിട്ട് നടപടി ഉണ്ടായിട്ടില്ല എന്നും മറ്റുമാണ് പരാതി വിഷയം.

2. പരാതി വിഷയത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ 05.08.2024 തീയതി റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ ശ്രീമതി വത്സലയുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ.170/1 ൽ ഉൾപ്പെട്ട വസ്തുവിലേക്ക് പോകുന്നതിനായി ഉപയോഗിക്കുന്ന റീ സർവ്വേ 170/1 ൽ ഉൾപ്പെട്ട സർക്കാർ ഭൂമി സഞ്ചാരയോഗ്യമല്ലാത്ത രീതിയിലാണ് കാണുന്നതെന്നും കൂടാതെ എതിർകക്ഷി അനധികൃതമായി ഖനനം ചെയ്തതായി ജില്ലാ ജിയോളജിസ്റ്റ് അറിയിച്ചിട്ടുള്ളതായും ആയതിനെതിരെ ടിയാന് KLC Act 1957 സെക്ഷൻ 12 റൂൾ 9 പ്രകാരം ബി ഫോറം നോട്ടീസ് നൽകി വിചാരണ നടത്തിയിട്ടുള്ളതായും, പ്രസ്തുത ഖനനം നടത്തുന്ന സ്ഥലം പ്രതാപൻ നായർ എന്നവർ 2005 -2006 കാലയളവിലാണ് വാങ്ങിയതെന്നും, വാങ്ങിയപ്പോൾ തന്നെ പ്രസ്തുത സ്ഥലം പലപ്പോഴായി ആരൊക്കെയോ ഖനനം നടത്തിയിട്ടുള്ളതാണെന്നും ആയതിനാൽ ടിയാന്റെ പേരിൽ നടപടി സ്വീകരിക്കുന്നതിന് മുമ്പ് പ്രസ്തുത സ്ഥലം പരിശോധന നടത്തി താൻ കുറ്റക്കാരനാണോ അല്ലയോ എന്ന് കണ്ടെത്തേണ്ടതുണ്ടെന്ന് സൂചിപ്പിച്ചുകൊണ്ട് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും, ഈ വിഷയം സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് കുറുപ്പുഴ വില്ലേജ് ഓഫീസർ, മൈനിങ് ആൻഡ് ജിയോളജി വകുപ്പ്, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെൻറ് സെൻറർ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, മൈനിങ് ആൻഡ് ജിയോളജി വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് കൂടി ലഭ്യമായാൽ ഈ വിഷയത്തിൽ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും റിപ്പോർട്ടിൽ കാണുന്നു.

3. മൈനിങ് ആൻഡ് ജിയോളജി വകുപ്പ് സീനിയർ ജിയോളജിസ്റ്റ് 24.07.2024 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ നിലവിൽ പരാതിക്കാസ്പദമായ സ്ഥലത്ത് യാതൊരുവിധ ഖനന

പ്രവർത്തനങ്ങളും കാണാൻ കഴിഞ്ഞിട്ടില്ല എന്നും, ഈ സ്ഥലത്ത് ഖനനം ചെയ്ത വ്യക്തിയുടെ വിവരങ്ങൾ നടപടികൾക്കായി അയച്ചു തരുവാൻ നെടുമങ്ങാട് തഹസിൽദാർക്ക് 10.07.2025 തീയതിൽ കത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് അനധികൃത ഖനനത്തിനെതിരെ നടപടികൾ സ്വീകരിക്കുന്നതാണെന്നും റിപ്പോർട്ടിൽ രേഖപ്പെടുത്തി കാണുന്നു.

4. പരാതി പരിഗണനയ്ക്കെടുത്ത 07.11.2025 തീയതി ഹർജികക്ഷിക്ക് വേണ്ടി മകൻ ഹാജരായി ആക്ഷേപം സമർപ്പിച്ചു. എതിർകക്ഷി പ്രതാപൻ നായർ കളവായ പരാതികൾ പോലീസ് സ്റ്റേഷനിൽ നൽകി തങ്ങളെ ബുദ്ധിമുട്ടിക്കുകയാണെന്നും, തൻറെ വസ്തുവിലേക്ക് പോകുന്ന പൊതുവഴി സഞ്ചാരയോഗ്യമാക്കി തരണമെന്നും സർക്കാർ വഴിയിൽ അനധികൃത പ്രവർത്തികൾ എതിർകക്ഷി നടത്തുന്നത് തടയണമെന്നും മറ്റും ആക്ഷേപത്തിൽ പറയുകയുണ്ടായി.

5. അനധികൃത ഖനനം നടത്തിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ ജില്ലാ കളക്ടറും മൈനിംഗ് ആൻഡ് ജിയോളജി വകുപ്പും തുടർന്നുവരുന്ന നടപടികൾ കാലതാമസം കൂടാതെയും നിയമാനുസൃതമായും പൂർത്തിയാക്കേണ്ടതാണ്. പരാതികക്ഷിയുടെ വസ്തുവിലേക്ക് പോകുന്നതിനുള്ള സർക്കാർ വഴി തടസ്സപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പരാതി നെടുമങ്ങാട് RDO യ്ക്ക് നൽകേണ്ടതാണ്. അപ്രകാരം പരാതി ലഭിച്ചാൽ റവന്യൂ രേഖകൾ പരിശോധിച്ച് സർക്കാർ വഴിയാണെന്ന് കാണുന്ന പക്ഷം ആയതിലെ തടസ്സങ്ങൾ നീക്കി വഴി സുഗമമാക്കുന്നതിനുള്ള നടപടികൾ 2 മാസത്തിനുള്ളിൽ RDO സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോട് കൂടി ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് തിരുവനന്തപുരം ജില്ലാ കളക്ടർ, മൈനിങ് ആൻഡ് ജിയോളജി വകുപ്പ് സീനിയർ ജിയോളജിസ്റ്റ്, നെടുമങ്ങാട് RDO, ഹർജികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ